**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1714** **28-07-2021 - ൽ മറുപടിയ്ക്ക്**

**ഈസ് ഓഫ് ലിവിങ് സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ സി ആർ മഹേഷ്** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | പ്രത്യേക ആനുകൂല്യങ്ങൾ ലഭിക്കേണ്ട ഗ്രാമീണകുടുംബങ്ങളെ കണ്ടെത്തുന്നതിനായി കേന്ദ്രസർക്കാർ നിർദ്ദേശിച്ച ഈസ് ഓഫ് ലിവിങ് സർവ്വേ പൂർത്തീകരിക്കേണ്ട അവസാന തീയതി എന്നാണ്; സംസ്ഥാനത്ത് ഈ സർവ്വേ പൂർത്തീകരിക്കാൻ കേന്ദ്രം എത്ര മാസത്തെ സമയമാണ് അനുവദിച്ചിട്ടുള്ളത്; | (എ) | സർവ്വേ പൂർത്തിയാക്കേണ്ട അവസാന തീയതി 2021 ജൂലൈ 31 ആണ്. സംസ്ഥാനത്ത് ഈ സമയപരിധിക്കുള്ളിൽ സർവ്വേ പൂർത്തീകരിക്കണം. |
| (ബി) | കേരളത്തിൽ പ്രസ്തുത സർവ്വേ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ആരംഭിച്ചത്; | (ബി) | ഉണ്ട്. 18/12/2020-ലെ സ.ഉ(കൈ)നം. 188/2020/ ത.സ്വ.ഭ.വ പ്രകാരം സർവ്വെ നടത്തിപ്പിന്റെ ചുമതല സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടറെ ഏല്പിച്ചുകൊണ്ടും, മാർഗനിർദേശങ്ങൾ നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർവേ പ്രാവർത്തികമാക്കാനുള്ള പ്രാഥമിക നടപടികൾ 2021 ജനുവരിയിൽ തന്നെ ആരംഭിക്കുകയും, ഇതിന്റെ ഭാഗമായി 2021 ഫെബ്രുവരി മാസത്തിൽ തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം, കോട്ടയം ജില്ലയിലെ തിരുവാർപ്പ് എന്നീ പഞ്ചായത്തുകളിൽ പൈലറ്റ് സർവേ നടത്തി. തുടർന്ന് 24/06/2021-ലെ സ.ഉ(കൈ)നം.112/2021/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർവ്വെ നടത്തിപ്പിന്റെ ചുമതല ഗ്രാമവികസന കമ്മീഷണർക്ക് കൈമാറുകയും, ഗ്രാമവികസന കമ്മീഷണറുടെ നേതൃത്വത്തിൽ 2021 ജൂലൈ അഞ്ചാം തീയതി മുതൽ ഫീൽഡ് തലത്തിൽ ഉള്ള സർവേ ആരംഭിക്കുകയും ചെയ്തു. |
| (സി) | ഭൂരിഭാഗം സംസ്ഥാനങ്ങളും സർവ്വേ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ച സാഹചര്യത്തിൽ കേരളത്തിൽ സർവ്വേ ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | ഉണ്ട്. കോവിഡ് മഹാമാരിയും രണ്ട് പൊതു തിരഞ്ഞെടുപ്പുകളും സർവ്വേ നടപടികൾ ആരംഭിക്കുന്നതിനും ഫീൽഡ് തല വിവരശേഖരണം നടത്തുന്നതിനും തടസ്സങ്ങൾ സൃഷ്ടിച്ചു. |

| | | | |
|---|---|---|---|
| (ഡി) | പരിമിതമായ സമയപരിധിക്കുള്ളിൽ അശാസ്ത്രീയമായി സർവ്വേ പൂർത്തിയാക്കിയാൽ അർഹരായ നിരവധി പാവപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | കേന്ദ്രസർക്കാർ മാർഗ്ഗരേഖയ്ക്ക് അനുസൃതമായും, വ്യക്തമായ നടപടിക്രമങ്ങൾ പാലിച്ചുമാണ് സർവ്വേ നടപടികൾ നടത്തി വരുന്നത്. കൃത്യമായ സമയപരിധിക്കുള്ളിൽ കുറ്റമറ്റ രീതിയിൽ സർവ്വേ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ